Day 86 of 90 days 19th January 2017 Thursday

## പ്രാർത്ഥന സങ്കീർത്തനങ്ങൾ 86 † † †

**" എൻ കണ്ണുകളേ! നിങ്ങളിലേതും ജലമില്ലല്ലോ –**
**ആരുണ്ടിനിയെൻ പാപക്കറയെക്കഴുകിത്തുടപ്പാൻ"**

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവത്തിന്റെ തിരുനാമത്തിൽ തനിക്കു സ്തുതി, നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെ ദൈവമായ കർത്താവേ! അങ്ങയുടെ ചെവി ചായിക്കണമെ. ഞങ്ങൾക്ക് ഉത്തരമരുളണമെ. അടിയങ്ങൾ എളിയവരും ദരിദ്രരും ആകുന്നു. ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമെ. അടിയങ്ങൾ അങ്ങയുടെ ഭക്തരാകുന്നു. ഞങ്ങളുടെ ദൈവമേ! അങ്ങയിൽ ആശ്രയിക്കുന്ന അടിയാരെ രക്ഷിക്കണമെ. കർത്താവേ! അടിയങ്ങളോട് കൃപയുണ്ടാകണമെ. ഇടവിടാതെ അങ്ങയോട് ഞങ്ങൾ നിലവിളിക്കുന്നു. അടിയങ്ങളുടെ ഉള്ളത്തെ സന്തോഷിപ്പിക്കണമെ. യഹോവേ! അവിടുത്തേക്ക് ഞങ്ങൾ ഞങ്ങളുടെ ഉള്ളം ഉയർത്തുന്നു. കർത്താവേ! അവിടുന്നു നല്ലവനും ക്ഷമിക്കുന്നവനും അങ്ങയോട് അപേക്ഷിക്കുന്നവരോടൊക്കെയും മഹാദയാലുവുമാകുന്നു. യഹോവയായ ദൈവമേ! ഞങ്ങളുടെ പ്രാർത്ഥനയെ ചെവിക്കൊള്ളണമെ. അടിയങ്ങളുടെ യാചനകളെ ശ്രദ്ധിച്ചു ഉത്തരമരുളണമെ. അവിടുന്നു ഞങ്ങൾക്കു ഉത്തരമരുളകയാൽ ഞങ്ങളുടെ കഷ്ടദിവസത്തിൽ അടിയങ്ങൾ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. ഞങ്ങളുടെ കർത്താവേ! സകലദൈവങ്ങളിൽ ഉന്നതൻ അവിടുന്നു ആകുന്നു. അങ്ങയുടെ പ്രവൃത്തികൾക്കു തുല്യമായ ഒരു പ്രവൃത്തിയും ഇല്ലായെന്നു അടിയങ്ങൾ വിശ്വസിക്കുന്നു. കർത്താവേ! അവിടുന്നു ഉണ്ടാക്കിയ സകല ജാതികളും തിരുമുമ്പിൽ വന്നു നമസ്ക്കരിച്ചു അവിടുത്തെ നാമത്തെ മഹത്ത്വപ്പെടുത്തുമെന്ന് അടിയങ്ങൾ വിശ്വസിച്ച് ഏററുപറയുന്നു. അവിടുന്നു വലിയവനും അത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ദൈവമാകുന്നു. യഹോവേ! അവിടുത്തെ വഴികൾ ഞങ്ങൾക്കു കാണിച്ചുതരണമെ. എന്നാൽ അടിയങ്ങൾ അവിടുത്തെ സത്യത്തിൽ നടക്കും. അവിടുത്തെ നാമത്തെ ഭയപ്പെടുവാൻ ഞങ്ങളുടെ ഹൃദയത്തെ ഏകാഗ്രഹമാക്കണമെ. ഞങ്ങളുടെ ദൈവമായ കർത്താവേ! ഞങ്ങൾ പൂർണ്ണഹൃദയത്തോടെ അങ്ങയെ സ്തുതിക്കുന്നു. അവിടുത്തെ നാമത്തെ എന്നേക്കും മഹത്ത്വപ്പെടുത്തുന്നു. ഞങ്ങളോടുള്ള അവിടുത്തെ ദയയും കരുണയും വലിയതാകുന്നു. അവിടുന്നു ഞങ്ങളുടെ പ്രാണനെ അധമപാതാളത്തിൽ നിന്നു രക്ഷിക്കണമെ. ദൈവമേ! അഹങ്കാരികൾ ഞങ്ങളോട് എതിർത്തിരിക്കുന്നു. ഘോരന്മാരുടെ കൂട്ടം ഞങ്ങൾക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നു. കർത്താവേ! ഞങ്ങളോടു കരുണതോന്നി കൃപ ചെയ്യണമെന്ന് അപേക്ഷിക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതികരേററുവാൻ തന്നെ, ആമേൻ. † † †

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!............ കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം.........